പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1527 06-03-2017-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ വരൾച്ചയുടെ അനന്തരഫലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. കെ.രാജൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ വരൾച്ച സംസ്ഥാനത്തെ കാർഷിക മേഖലയെ ഏത് തരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വരൾച്ച മൂലം ഇതുവരെ എത്രമാത്രം കൃഷി നശിച്ചിട്ടുണ്ടെന്നും കർഷകർക്ക് എത്ര രൂപയുടെ നഷ്ടം ഉണ്ടായെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം 31358 കർഷകരുടെ 30353 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും ചുരുങ്ങിയത് 300 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവരം. അന്തിമ കണക്കെടുപ്പ് കഴിയുമ്പോൾ മാത്രമേ യഥാർത്ഥ നഷ്ടം കണക്കാക്കാനാവൂ. |
| (സി) വരൾച്ചയെ പ്രതിരോധിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (സി) വരൾച്ചയെ നേരിടുന്നതിന് വിവിധ തലത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ജല സംരക്ഷണം, ജല പുനരുപയോഗം, മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിക്കുക, തടയണകൾ നിർമ്മിക്കുക, ലഭ്യമായ ജലം പരമാവധി യുക്തിസഹമായി വിനിയോഗിക്കപ്പെടുക എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കൂടാതെ വരൾച്ച പ്രതിരോധിക്കുന്നതിനും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നൂതന സാങ്കേതിക ഉപാധികളായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാ- |

ടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ പരമാവധി കർഷകരെ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ